മിസ്റ്റർ സി. വി. ഇയ്യു: അദ്ദേഹം തന്നതാൻ പിരിഞ്ഞതോ, പിരിച്ചു വിട്ടതോ എന്നാണു് ചോദ്യം?

മിസ്റ്റർ കെ. അയ്യപ്പൻ: റിവിഷൻ വന്നപ്പോൾ ആ ശമ്പളത്തിൽ ഇരിക്കാൻ ഇഷ്ടമില്ലാതെ പിരിഞ്ഞുപോയി എന്നാണു് ഓർമ്മ.

മിസ്റ്റർ കെ. ടി. അച്യുതൻ: കിട്ടിട്ടുള്ള റിപ്പോർട്ടിന്മേൽ ഉത്തരവാകുവാൻ ഇനി എത്ര താമസം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനു് അധികതാമസം വേണ്ടിവരികയില്ല.

മിസ്റ്റർ സി. വി. ഇയ്യു: അഞ്ചും, ആറും, ഏഴും ചോദ്യങ്ങൾക്കു് ഈ ബഡ്ജറ്റ് സെഷൻ കഴിയുന്നതിനു് മുമ്പ് ഉപചോദ്യങ്ങളും ചോദിക്കുവാൻ ബഹുമാനപ്പെട്ട പ്രസിഡണ്ടു് അനുവദിക്കുമോ?

Mr. P. Govinda Menon *(Minister for Finance and Law):* If the matter is very important a short notice question may be put by the Hon'ble Member later.

Mr. President: Yes.

COMPULSORY PRIMARY EDUCATION—STEPS TAKEN BY GOVERNMENT

8. (57) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state whether the Government have taken any measure to introduce compulsory primary education in the State; if so, what are those measures?

Mr. C. A. Ouseph *(Minister for Education and Public Health):* The Cochin Free Compulsory Primary Education Act, XI of 1123 was passed by His Highness on 12th March 1948. But Government have not yet decided the areas in which and the dates on which it should be enforced, since they thought they should leave these and other connected points for the decision of the new Legislative Assembly.

Mr. M. I. Prul *(Elankunnapuzha):* May I know, Sir, when the matter will be placed for the consideration of the Assembly.

Mr. C. A. Ouseph *(Minister for Education and Public Health):* At the earliest possible moment. In fact, steps are being taken to have a survey conducted regarding the intoroduction of Compulsor Primary Education.

REPORT REGARDING LOCK-UP OPPRESSION

9. (158) മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി ഉത്തരം പറയുമോ.—

(എ) ജോജ്ജു് ചടയംമുറിയെ ലോക്കപ്പിലിട്ടു മർദ്ദിച്ചതിനെപ്പറ്റി അന്വേഷണം നടത്താൻ നിയമിക്കപ്പെട്ടിട്ടുള്ള കോടതിയുടെ റിപ്പോർട്ടു് ഗവൺമെണ്ടിലേക്കു കിട്ടിയിട്ടുണ്ടോ; അതു മേശപ്പുറത്തു വെക്കാമോ;

(ബി) എന്തു നടപടി അതിനെ സംബന്ധിച്ചു് എടുത്തിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വു്, പക്ഷെ റിപ്പോർട്ടു് ഇപ്പോൾ മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

(ബി) ഇതു ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: എന്നാണു് ഈ റിപ്പോർട്ടു് കണ്ടതെന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: [illegible]

മിസ്റ്റർ സി. വി. ഇയ്യു: ഇത്രയളവെറെ കാലം, ഒന്നിൽ ചിലപ്പോൾ കൊല്ലകാലമായിട്ടു് ഗവൺമെണ്ടിനു ഇതിനെക്കുറിച്ചാലോചിച്ചു് ഒരു തീരുമാനമെടുക്കാൻ കഴിയാഞ്ഞതെന്താണു്; ഇപ്പോൾ അതു് ഏതു നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഇപ്പോൾ പോലീസ്സു് കമ്മീഷണരുടെ ചില അഭിപ്രായങ്ങൾ അറിയുവാൻ വെച്ചിരിക്കുകയാണു്. അതിനു് ഒരു റിപ്പോർട്ടു് ചോദിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടു വന്നാൽ അതിന്മേൽ Final orders പാസ്സാക്കുന്നതാണു്.

മിസ്റ്റർ പി. കെ. ഡിവർ: പോലീസ്സു് കമ്മീഷണരുടെ റിപ്പോർട്ടിനായി ഇതു് രണ്ടാമതായി അയച്ചതാണോ, അതോ ആദ്യമായിട്ടാണോ അയക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly